കേസെടുത്തിട്ടില്ല. ആ ചരിത്രം നാളെ ആവർത്തിക്കാതിരിക്കാൻ ഇനി കേരളത്തിൽ മദ്യദുരന്തമുണ്ടായാൽ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നുള്ള ഗവൺമെൻറിൻെറ നിർബന്ധബുദ്ധി, നിലവിലുള്ള നിയമത്തെ ശരിക്കും ഉപയോഗിക്കണമെന്നുള്ള നിർബന്ധബുദ്ധി മാത്രമാണ് ഇന്നലെ പ്രഖ്യാപിച്ചത്. അല്ലാതെ പുതിയ നയപ്രഖ്യാപനം ഒന്നുമില്ല. നിലവിലുള്ള നിയമം ചൂണ്ടിക്കാണിച്ചു. ആ നിയമം നിങ്ങൾ കർക്കശമായി കൈകാര്യം ചെയ്യണമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അല്ലാതെ പുതിയ ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ല.

VI റൂളിംഗ്

സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ പുറത്ത് പറയുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ആദ്യമായി ശ്രീ. ഷൺമുഖദാസ് ഉന്നയിച്ച പ്രശ്നം, നിയമസഭ കൂടിയിരിക്കുന്ന സമയത്ത് നയപരമായ കാര്യങ്ങൾ പത്രത്തിലൂടെ മെമ്പർമാർ വായിക്കേണ്ടി വരിക എന്നത് നല്ല ഒരു കീഴ്വഴക്കമല്ല. അതുകൊണ്ട് വനിതാകമ്മീഷനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതിൻെറ അടിസ്ഥാനത്തിൽ, ഖേദം പ്രകടിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ, അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധിയെ നമുക്ക് ചോദ്യം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. എന്തായാലും നല്ല ഒരു കാര്യമെന്ന നിലയ്ക്ക്, അദ്ദേഹത്തിൻെറ വിശദീകരണത്തിൻെറ വെളിച്ചത്തിൽ, ഞാൻ ഒരു റൂളിംഗ് നൽകുന്നില്ല. പക്ഷെ തത്വത്തിൽ നമ്മളെല്ലാം അംഗീകരിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. ബാലൻ വൈദ്യർ ഉന്നയിച്ച പ്രശ്നം, ഈ പ്രത്യേക കാര്യത്തിൽ ലൈസൻസ് ഇല്ലാത്തവർ അറിഞ്ഞുകൊണ്ട് ദുരുദ്ദേശപൂർവ്വമായി വ്യാജമദ്യം വിൽക്കുന്നു എന്നും അതുമുഖേന മരണം സംഭവിക്കുന്നതിനുള്ള കുറ്റം ചെയ്യുന്നു എന്നുമുള്ള മാനസിക ഘടനയുണ്ടാക്കി അതിനനുസരിച്ച് ചാർജ് ചെയ്യണമെന്നുള്ളത് പുതിയ ഒരു നയപ്രഖ്യാപനമല്ല. അത് നിലവിലുള്ള ഒരു നിയമം ആവർത്തിച്ചതായതുകൊണ്ട് പുതിയ നയപ്രഖ്യാപനമായി കണക്കാക്കാൻ കഴിയില്ല. വളരെ ശ്രദ്ധിക്കപ്പെടാത്ത ഒരു പ്രശ്നത്തിൻെറ ഗൗരവം ആളുകളെ ഓർമ്മപ്പെടുത്തുകയും അതിൻെറ കാർക്കശ്യം ഒന്നുകൂടി ആളുകളുടെ ഓർമ്മയിൽ വരുത്തുകയും മാത്രം ചെയ്തതുകൊണ്ട്, നയപ്രഖ്യാപനം അല്ലാത്തതുകൊണ്ട് അതിൽ ക്രമപ്രശ്നം ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly